# Malayala Manorama
# 24 August 2018
# Flood Relief Activiety



പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പോയിരുന്ന മത്സ്യത്തൊഴിലാളികൾ വീണ്ടും മീൻപിടിത്തത്തിനായി പോയിത്തുടങ്ങിയതോടെ സജീവമായ ചെല്ലാനം ഹാർബർ.

## രക്ഷാപ്രവർത്തനത്തിന് ശേഷം സജീവമായി ചെല്ലാനം

ചെല്ലാനം ● പ്രളയബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തനം നടത്തിയ തൊഴിലാളികൾ ഒരാഴ്ചയ്ക്കു ശേഷം ചെല്ലാനം ഫിഷിങ് ഹാർബറിൽ നിന്ന് മത്സ്യബന്ധനത്തിന് പോയി തുടങ്ങി.

ഹാർബറിൽ നിന്ന് 20 വള്ളങ്ങളിലായി മുന്നൂറിലേറെ തൊഴിലാളികളാണ് രക്ഷാപ്രവർത്തനത്തിന് പോയിരുന്നത്.

നാവിക സേനയ്ക്കും പൊലീസിനും എത്താനാകാത്ത സ്ഥലങ്ങളിൽ നിന്ന് നൂറുകണക്കിനാളുകളെ വള്ളത്തിൽ കയറ്റി രക്ഷിക്കാനായെന്നു തൊഴിലാളികൾ പറയുന്നു.

ഒരാഴ്ച മീൻപിടിത്തം മുടങ്ങിയെങ്കിലും രക്ഷാപ്രവർത്തനത്തിൽ സജീവ പങ്കാളിത്തം വഹിക്കാൻ കഴിഞ്ഞതിന്റെ ആത്മസംതൃപ്തിയോടെയാണ് തൊഴിലാളികൾ ഇന്നലെ വീണ്ടും കടലിൽ ഇറങ്ങിയത്. രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ തൊഴിലാളികളെ ഇന്ന് മൂന്നിന് തെക്കെ ചെല്ലാനം പാരിഷ് ഹാളിൽ സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ നേതൃത്വത്തിൽ ആദരിക്കും.

## ദുരിതബാധിതർക്ക് ആർട് ഓഫ് ലിവിങ്ങിന്റെ കൈത്താങ്ങ്

കൊച്ചി ● കേരളത്തിലെ പ്രളയദുരന്തബാധിത പ്രദേശങ്ങളിൽ സാന്ത്വന സേവനങ്ങളുമായി ആയിരത്തോളം ആർട് ഓഫ് ലിവിങ് വൊളന്റിയർമാർ. ഇതിനകം 500 ടൺ അത്യാവശ്യ സാധനങ്ങൾ വിതരണം ചെയ്തു.

വസ്ത്രങ്ങൾ, വെള്ളം, സാനിറ്ററി നാപ്കിൻസ്, ഭക്ഷണങ്ങൾ, ടോയ്‌ലറ്റ് വൃത്തിയാക്കാനുള്ള രാസവസ്തുക്കൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ബെംഗളൂരു, ചെന്നൈ, ഹൈദരാബാദ്, നാഗ്പൂർ, കൊൽക്കത്ത തുടങ്ങിയ സ്ഥലങ്ങളിലെ സെന്ററുകൾ സമാഹരിച്ച മരുന്നുകൾ, മറ്റ് അവശ്യ വസ്തുക്കൾ എന്നിവയും വിതരണം ചെയ്യുന്നു.

## ബോട്ട് ഓപ്പറേറ്റർമാരെ ആദരിച്ചു

കൊച്ചി ● പ്രളയദുരന്തത്തിൽ അകപ്പെട്ടവരെ സഹായിക്കാൻ റോട്ടറി ക്ലബ്ബുകൾ നടത്തിയ പരിശ്രമത്തിൽ പങ്കാളികളായ ബോട്ട് ഓപ്പറേറ്റർമാരെ ആദരിച്ചു.

പനമ്പിള്ളി നഗർ റോട്ടറി ബാലഭവനിൽ തയാറാക്കിയ റോട്ടറി പ്രളയ ദുരിതാശ്വാസ കൺട്രോൾ സെന്ററിൽ നിന്നായിരുന്നു ജില്ലയുടെ വിവിധ ഭാഗങ്ങളിലേക്ക് സഹായമെത്തിച്ചത്.

നഗരത്തിലെ 38 റോട്ടറി ക്ലബ്ബുകൾക്കു വേണ്ടി സുനിൽ മാത്യു, ധവാൽമേത്ത എന്നിവർ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകി.

രക്ഷാപ്രവർത്തനം നടത്തിയവരെ കാഷ് അവാർഡ് നൽകി ആദരിച്ചു.

ആർ. മാധവ് ചന്ദ്രൻ, വിവേക് കൃഷ്ണ ഗോവിന്ദ്, രാജ്മോഹൻ നായർ എന്നിവർ പ്രസംഗിച്ചു.

## സഹായ വിതരണവുമായി ഗ്യാസ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനുകൾ

കൊച്ചി ● തമിഴ്നാട് ഭാരത് ഗ്യാസ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനും കേരള ഭാരത് ഗ്യാസ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷനും ചേർന്ന് സമാഹരിച്ച 10 ലക്ഷം രൂപയുടെ ദുരിതാശ്വാസ സാധനങ്ങൾ വിവിധ കേന്ദ്രങ്ങളിൽ വിതരണം ചെയ്തു.

ദുരിതാശ്വാസ സാധനങ്ങളടങ്ങിയ ട്രക്ക് ഭാരത് ഗ്യാസ് സംസ്ഥാന മേധാവി വെങ്കടേഷ് ഫ്ലാഗ് ഓഫ് ചെയ്തു.

## ശുദ്ധീകരണ പ്ലാന്റ് ഫ്ലാഗ് ഓഫ്

കൊച്ചി ● പ്രളയ ബാധിത പ്രദേശങ്ങളിൽ മലിനജലം ശുചീകരിക്കുന്ന 'മൊബൈൽ റിവേഴ്സ് ഓസ്മോസിസ് പ്ലാന്റ്' എംഎൽഎ മാരായ പി.ടി. തോമസും ഹൈബി ഈഡനും ചേർന്നു ഫ്ലാഗ് ഓഫ് ചെയ്തു. കൊച്ചിൻ നൈറ്റ്സ് റോട്ടറി ക്ലബ്ബിന്റെയാണു പദ്ധതി.

മണിക്കൂറിൽ ആയിരം ലീറ്റർ മലിനജലം വരെ ഈ സംവിധാനം ഉപയോഗിച്ച് അണുവിമുക്തമാക്കി കുടിക്കാൻ കഴിയുമെന്നു ക്ലബ് ഭാരവാഹികൾ അറിയിച്ചു.

അക്വാസാൻ, ഹൈക്കൗണ്ട് സ്ഥാപനങ്ങളുടെ സഹകരണത്തോടെ സജ്ജീകരിക്കുന്ന സംവിധാനം വൈദ്യുതിയില്ലാത്ത സ്ഥലങ്ങളിലും പ്രവർത്തിക്കും.

ക്ലബ് പ്രസിഡന്റ് എസ്. വേണുഗോപാൽ, റോട്ടറി ഡിസ്ട്രിക്ട് ഡയറക്ടർ രാജ്മോഹൻ നായർ, അസി. ഗവർണർ വർഗീസ് കെ. ജോയ്, അക്വാസാൻ മാനേജിങ് ഡയറക്ടർ സുധീർ വിലങ്ങാടൻ എന്നിവർ സന്നിഹിതരായിരുന്നു. ഫോൺ. 9995012345.

## ചതയദിന ആഘോഷങ്ങൾ ഒഴിവാക്കി

കൊച്ചി ● അയ്യപ്പൻകാവ് ശ്രീനാരായണ ധർമസമാജം 27നു നടത്താനിരുന്ന ചതയദിന ആഘോഷങ്ങൾ ഒഴിവാക്കി.

27നു രാവിലെ ഏഴരയ്ക്കു പി.ടി. തോമസ് എംഎൽഎ ചതയദിന പരിപാടികൾ ഉദ്ഘാടനം ചെയ്യും. പ്രളയ ദുരിത ഫണ്ടിലേക്കു സമാജം രൂപീകരിച്ച തുക ബന്ധപ്പെട്ട അധികൃതർക്കു കൈമാറും. രമ രാജുവിനു ഭവന നിർമാണ സഹായ ഫണ്ട് വിതരണവും ഇതോടൊപ്പം നടക്കും. എട്ടരയ്ക്കു ഗുരുപൂജയും തുടർന്നു ചേന്ദമംഗലം പ്രതാപന്റെ പ്രഭാഷണവും ഉണ്ടായിരിക്കും.